# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 647      28/9/2016 -ൽ മറുപടിക്ക്

# അയിരൂർ കാഞ്ഞമടകര കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | അയിരൂർ കാഞ്ഞമടകര കുടിവെള്ള പദ്ധതിക്ക് എത്ര രൂപയാണ് ഒന്നാം ഘട്ടത്തിൽ അനുവദിച്ചത്; എന്തൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | അയിരൂർ കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1400 ലക്ഷം രൂപയാണ് അനുവദിച്ചത്. ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു. |

| നം. | ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | ഇൻടേക്ക് കിണറും പമ്പ് ഹൗസും | 150.00 |
| 2. | റോ വാട്ടർ പമ്പിംഗ് മെയിൻ | 405.00 |
| 3. | ക്ലീയർ വാട്ടർ ഗ്രാവിറ്റി മെയിൻ | 278.00 |
| 4. | ജലശുദ്ധീകരണ ശാല | 317.50 |
| 5. | 10 LL ശേഷിയുള്ള സംഭരണി | 71.50 |
| 6. | റോ വാട്ടർ പമ്പ് സെറ്റ് | 68.00 |
| 7. | വൈദ്യുതി കണക്ഷൻ, ട്രാൻസ്ഫോർമർ | 100.00 |
| 8. | ജലസംഭരണികളുടെ ഇന്റർ കണക്ഷൻ | 5.00 |
| 9. | മറ്റിനം | 5.00 |
| | **ആകെ** | **1400.00** |

| | | | |
|---|---|---|---|
| (ബി) | ഒന്നാം ഘട്ടത്തിൽ ഇനി ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; | (ബി) | ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല മുതൽ തേക്കുങ്കൽ ടാങ്ക് വരെയുള്ള ഗ്രാവിറ്റി ലൈൻ (3920 മീ.), റോവാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ എന്നിവ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനുണ്ട്. ഇവയിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, തേക്കുങ്കൽ ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിൻ എന്നീ പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്. |
| (സി) | കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഒന്നാം ഘട്ടം എന്ന് പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ; | (സി) | ജലശുദ്ധീകരണശാലയിലേക്കുള്ള വഴി സംബന്ധിച്ച് കോടതി നടപടികൾ വന്നതിനാൽ കാലതാമസം ഉണ്ടായി. പദ്ധതി 05/2017-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; ഇതിന് ഫണ്ട് അനുവദിച്ചോ; അനുവദിച്ചെങ്കിൽ എത്ര രൂപ; വിശദമാക്കാമോ; | (ഡി) & (ഇ) | അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വിതരണ ശൃംഖലകൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 70.00 കോടി രൂപയുടെ പ്രൊപ്പോസൽ ഉൾക്കൊള്ളിച്ചിട്ടുള്ള സമഗ്ര ജില്ലാ പദ്ധതി (സി.ഡി.പി) യുടെ കരട് രേഖ വിദേശ നിക്ഷേപ സഹായത്തിന് പരിഗണിക്കുന്ന തിനായി സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | എത്ര വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കാനാകും എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ